# വെനീസിലെ വ്യാപാരി

പുനരാഖ്യാനം : **ബീനാ ജോർജ്ജ്**

വെനീസിൽ ഒരിക്കൽ ഒരു യഹൂദൻ താമസിച്ചിരുന്നു. ഷൈലോക്ക് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.ക്രിസ്ത്യൻ വ്യാപാരികൾക്ക് പണം വൻപലിശയ്ക്കു നൽകി അയാൾ കണക്കില്ലാത്ത പണം സമ്പാദിച്ചിരുന്നു.

ഷൈലോക്ക് ഒരു കഠിനഹൃദയനായിരുന്നു. കടം കൊടുക്കുന്ന പണം തിരികെവാങ്ങുന്നതിൽ അയാൾ വളരെ കർശന നിലപാടാണ് എടുത്തിരുന്നത്.അതുകൊണ്ടുതന്നെ നന്മയുള്ള എല്ലാ മനുഷ്യരും അയാളെ വെറുത്തു. പ്രത്യേകിച്ച്, വെനീസിലെ യുവ വ്യാപാരിയായ അന്റോണിയോ.

ആ നാട്ടിലെ ഉദാരമനസ്കനായിരുന്നു അന്റോണിയോ. സൽപ്രവൃത്തികൾ ചെയ്യുന്നതിന് ഒരു മടിയുമില്ല. ഇറ്റലിയിലെ ശ്രേഷ്ഠരായ മറ്റ് ആരെക്കാളും പഴയ റോമൻ ആഭിജാത്യം ഇദ്ദേഹത്തിലാണ് വെളിവായി കാണപ്പെട്ടിരുന്നത്. തന്റെ നാട്ടുകാരുടെ മുഴുവൻ സ്നേഹവും അദ്ദേഹം നേടിയിരുന്നു.

ഷൈലോക്ക് അന്റോണിയോയെ കഠിനമായി വെറുത്തിരുന്നു. കാരണം, അന്റോണിയോ ആവശ്യക്കാർക്ക് പലിശയില്ലാതെത്തന്നെ പണം കടം കൊടുക്കാറുണ്ടായിരുന്നു.

വ്യാപാരസ്ഥലത്തുവെച്ച് എപ്പോൾ ഷൈലോക്കിനെ കണ്ടുമുട്ടിയാലും അയാളുടെ കഠിനമായ പെരുമാറ്റത്തെ -പ്പറ്റിയും കൊള്ളപ്പലിശയെപ്പറ്റിയും മറ്റും പറഞ്ഞ് അന്റോണിയോ അയാളെ നാണംകെടുത്തും. അതൊക്കെ ക്ഷമയോടെ സഹിച്ചെങ്കിലും പ്രതികാരത്തിനുള്ള ഒരു പദ്ധതി ഷൈലോക്ക് തന്റെ ഉള്ളിൽ ഒരുക്കുന്നുണ്ടായിരുന്നു.

ബസാനിയോ ആണ് അന്റോണിയോയുടെ ഏറ്റവും പ്രിയപ്പെട്ട ചങ്ങാതി. അദ്ദേഹവും കുലീനനായ ഒരു വെനീഷ്യൻ പൗരനായിരുന്നു. പിതാവിൽ നിന്ന് വളരെ കുറച്ചു പൈതൃകസ്വത്തു മാത്രമേ അദ്ദേഹത്തിനു ലഭിച്ചിരുന്നുള്ളൂ. ആർഭാടപൂർവ്വം ജീവിച്ച് ആ സ്വത്തെല്ലാം അദ്ദേഹം നശിപ്പിച്ചിരുന്നു.

ഒരു ദിവസം ബസാനിയോ അന്റോണിയോയെ കാണാൻ വന്നു. താൻ ഒരു ധനികയുവതിയെ സ്നേഹിക്കുന്നുവെന്ന് അദ്ദേഹം വെളിപ്പെടുത്തി. അവളെ വിവാഹം കഴിക്കുക വഴി തന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞു. അവളുടെ പിതാവ് അടുത്തകാലത്താണ് മരിച്ചത്. പിതാവ് ജീവിച്ചിരിക്കു - മ്പോൾത്തന്നെ ബസാനിയോ ആ ഭവനത്തിലെ പതിവു സന്ദർശകനായിരുന്നു.

യുവതിയുടെ കടാക്ഷങ്ങൾകൊണ്ടുള്ള നിശബ്ദസന്ദേശങ്ങൾ ബസാനിയോയ്ക്കു ലഭിച്ചിട്ടുണ്ട്. അതോടെ താനും അഭിമതനായ ഒരു വിവാഹാർത്ഥിയാണെന്ന് അദ്ദേഹത്തിന് തോന്നി. പ്രശസ്തരായ മറ്റു മത്സരാർത്ഥികളോടൊപ്പം ആ ധനികയുവതിയുടെ മുന്നിലേക്കു കടന്നുചെല്ലാൻ തക്ക ധനസത്ഥിതി ഇല്ലാത്തതിനാൽ തനിക്ക് മൂവായിരം ഡക്കെറ്റ് കടം നൽകുന്നതിന് അന്റോണിയോവിനോട് അദ്ദേഹം അഭ്യർത്ഥിച്ചു.

ആ സമയത്ത് അന്റോണിയോയുടെ കൈവശം പണം ഒട്ടും ഇല്ലായിരുന്നു. പക്ഷേ, വ്യാപാരസാമഗ്രികളുമായി തന്റെ കപ്പലുകൾ വരുന്നതും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു അദ്ദേഹം. അതുകൊണ്ടു തന്നെ ഷൈലോക്കെന്നെ കൊള്ളപ്പലിശക്കാരന്റെ അടുത്തുപോയി ആ കപ്പലുകൾ പണയപ്പെടുത്തി പണം കടംവാങ്ങാമെന്ന് അദ്ദേഹം തീരുമാനിച്ചു.

അന്റോണിയോയും ബസാനിയോയും ഒരുമിച്ച് ഷൈലോക്കിന്റെ അരികിലേക്കു പോയി. തന്റെ വ്യാപാരക്കപ്പലുകളെ പണയമാക്കി മൂവായിരം ഡക്കെറ്റ് കടം നൽകണമെന്ന് അന്റോണിയോ ആവശ്യപ്പെട്ടു.

ഇതുകേട്ടപ്പോൾ ഷൈലോക്ക് ഇപ്രകാരം ചിന്തിച്ചു. "ഒരിക്കൽ അയാളെ അനങ്ങാനാവാത്ത വിധം ഒരു പൂട്ടുപൂട്ടി എന്റെ പഴയ വൈരാഗ്യം മുഴുവനും ഞാൻ തീർക്കും. അയാൾ ഞങ്ങളുടെ ജൂത രാജ്യത്തെ വെറുക്കുന്നു.

എനിക്കു പാരയായി പലിശയില്ലാതെ പണം കൊടുക്കുന്നു. എന്റെ ന്യായമായ സമ്പാദ്യത്തെ പലിശയെന്നു പറഞ്ഞ്, കച്ചവടക്കാരെല്ലാം ഒത്തുചേരുന്ന സ്ഥലത്തു വെച്ചു പോലും അയാൾ എന്നെ അവഹേളിക്കാറുണ്ട്, എന്നിട്ടും ഞാൻ അയാളോടു ക്ഷമിക്കുന്നെങ്കിൽ എന്റെ വംശം മുടിഞ്ഞുപോകും.'

മറുപടിയൊന്നും പറയാതെ അയാൾ ഉള്ളിൽ പലതും ചിന്തിച്ചുകൂട്ടുകയാണെന്ന് അന്റോണിയോവിനു മനസ്സിലായി. എങ്കിലും ക്ഷമയില്ലാതെ അന്റോണിയോ വീണ്ടും ചോദിച്ചു,

“ഷൈലോക്ക്, ഞാൻ പറഞ്ഞതു കേട്ടില്ലാന്നുണ്ടോ? എനിക്കു പണം കടം തരാമോ?”

ഇതു കേട്ടയുടൻ ഷൈലോക്ക് പറഞ്ഞു, “ശ്രീമാൻ അന്റോണിയോ, വ്യാപാരമണ്ഡലത്തിൽ വച്ച് പലപ്പോഴും കൂടെക്കൂടെ നിങ്ങളെന്നെ അധിക്ഷേപിച്ചിട്ടുണ്ട്, എന്റെ പണത്തെക്കുറിച്ചും പലിശ വാങ്ങുന്നതിനെക്കുറിച്ചുമെല്ലാം. സഹിഷ്ണുത ഞങ്ങളുടെ വർഗ്ഗത്തിന്റെ സ്വഭാവമായ - തുകൊണ്ട് ഞാനതെല്ലാം സഹിച്ചു. നിങ്ങളെന്നെ അവിശ്വാസിയെന്നും കഴുത്തറക്കുന്ന പട്ടിയെന്നും ഒക്കെ വിളിച്ചു. നിങ്ങളെന്റെ ഈ യഹൂദമേലങ്കിമേൽ തുപ്പി. ഒരു പുഴുത്ത പട്ടി എന്ന കണക്കേ നിങ്ങളെന്നെ തൊഴിച്ചു. ശരി തന്നെ. പക്ഷേ, താങ്കൾക്കിപ്പോൾ എന്റെ സഹായം ആവശ്യമുണ്ട്. അതുകൊണ്ട് നിങ്ങളിപ്പോൾ എന്റെ അടുത്തുവന്നു. പറയുകയാണ്, "ഷൈലോക്ക് എനിക്കു പണം കടം തരൂ' എന്ന്. ഞാനെന്താണു പറയേണ്ടത് ? ഒരു നായയ്ക്ക് പണമുണ്ടോ? പുഴുത്ത പട്ടിക്ക് മൂവായിരം ഡക്കെറ്റ് തരുവാൻ കഴിയുമോ? ഞാനെന്താ നിങ്ങളുടെ മുമ്പിൽ നമിച്ചിട്ടു പറയണോ, "ശ്രേഷ്ഠനായ പ്രഭോ, കഴിഞ്ഞ തിങ്കളാഴ്ച നിങ്ങളെന്റെ മുഖത്തുതുപ്പി. മറ്റൊരു ദിവസം എന്നെ തൊഴിച്ചു. പിന്നെയൊരു ദിവസം എന്നെ പട്ടിയെന്നു

വിളിച്ചു. ഈ മര്യാദയുടെയെല്ലാം പേരിൽ താങ്കൾ ആവശ്യ പ്പെടുന്നതെല്ലാം ഞാൻ കടം തരാം' എന്ന്?"

അതിന് അന്റോണിയോയുടെ മറുപടി ഇങ്ങനെയായിരുന്നു.

"ഞാൻ നിങ്ങളെ ഇനിയും അങ്ങനെതന്നെ വിളിച്ചേക്കാം, തുപ്പുകയും തൊഴിക്കുകയും ഒക്കെ ചെയ്തെന്നും വരാം. നിങ്ങൾ ഈ തുക കടം തരുന്നെങ്കിൽ ഒരു സുഹൃത്തിനു കൊടുക്കുന്നതുപോലെ വേണ്ട. ഒരു ശത്രുവിനെന്നതു പോലെ തന്നോളൂ. അങ്ങനെയാകുമ്പോൾ പണം മടക്കിത്തരാൻ കഴിഞ്ഞില്ലെങ്കിൽ ബലമായി പിഴ ഈടാക്കാമല്ലോ?"

"ഹേയ് അന്റോണിയോ, നിങ്ങളെന്തിനിത്ര ക്ഷോഭിക്കുന്നു? നിങ്ങളുടെ സ്നേഹിതനാകാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. താങ്കളുടെ സ്നേഹം എനിക്കു വേണം. നിങ്ങളിതുവരെ എന്നോടു ചെയ്ത എല്ലാ ഹീനപ്രവൃത്തികളും ഞാൻ സ്നേഹപൂർവം മറക്കുന്നു." ഷൈലോക്ക് പറഞ്ഞു.

ഷൈലോക്കിന്റെ ഇത്തരത്തിലുള്ള കപട വാക്കുകൾ കേട്ട് അന്റോണിയോ അത്ഭുതപ്പെട്ടു. പിന്നെയും ദയയുള്ളവനായി അഭിനയിച്ചു കൊണ്ട് ഷൈലോക്ക് പറഞ്ഞു. മൂവായിരം ഡക്കെറ്റ് ഞാൻ കടം തരാം. ആ പണത്തിന് എനിക്ക് പലിശ ഒട്ടുംതന്നെ വേണ്ടാതാനും.പക്ഷേ, നമുക്കൊരു അഭിഭാഷകന്റെ അടുത്തേക്കു പോകണം. അവിടെ വെച്ച് അന്റോണിയോ ഒരു ഉടമ്പടിയിൽ ഒപ്പിടണം. അതിപ്രകാരമാണ്: "ഒരു നിശ്ചിത ദിവസത്തിനുള്ളിൽ പണം മുടക്കിനൽകാൻ കഴിഞ്ഞില്ലെങ്കിൽ നഷ്ടപരിഹാരമായി അന്റോണിയോയ്ക്ക് ഒരു പൗണ്ട് മാംസം നഷ്ടപ്പെടും.

ശരീരത്തിൽ നിന്ന് അയാൾക്കു തോന്നുന്ന ഭാഗത്തു - നിന്നായിരിക്കും മാംസം മുറിച്ചെടുക്കുക. "തൃപതിയായി, അന്റോണിയോ പറഞ്ഞു. "അങ്ങനെയൊരു ഉടമ്പടി ഞാൻ ഒപ്പിട്ടു തരാം. യഹൂദൻ വളരെ ദയയുള്ളവനാണെന്നു പറയുകയും ചെയ്യാം.

തനിക്കുവേണ്ടി അത്തരമൊരു കരാർപത്രത്തിൽ ഒപ്പിടരുതെന്ന് ബസാനിയോ അന്റോണിയോയെ വിലക്കി. പക്ഷേ, അതിൽ ഒപ്പുവയ്ക്കും എന്ന നിലപാടിൽ അദ്ദേഹം ഉറച്ചുനിന്നു. കാരണം, അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. കരാർ അവസാനിക്കുന്നതിന് മുമ്പുതന്നെ ആ തുകയായ അനേകമടങ്ങുമായി തന്റെ കപ്പൽ മടങ്ങിയെത്തുമെന്ന് !

കൂട്ടുകാരുടെ ഈ ചർച്ച കേട്ടപ്പോൾ ഷൈലോക്ക് ആർത്തു വിളിച്ചു,

"എന്റെ അബ്രഹാം പിതാവേ, ഈ ക്രിസ്ത്യാനികൾ മഹാസംശയാലുക്കളാ. അവരുടെ സ്വന്തം ക്രൂരനടപടികൾ അന്യരെ സംശയിക്കാൻ അവരെ പഠിപ്പിക്കുന്നു. മനുഷ്യ നിൽ നിന്നു മുറിച്ചെടുക്കുന്ന ഒരു പൗണ്ട് മാംസം കൊണ്ട് എന്താണു നേട്ടം? ആട്ടിറച്ചിയുടെയോ മാട്ടിറച്ചിയുടെയോ ഗുണം പോലും അതിനില്ല. അത്രയും ആദായകരവുമല്ല. ഞാനിതു പറയുന്നത് അദ്ദേഹത്തിന്റെ നന്മയ്ക്കുവേണ്ടി യാണ്. അദ്ദേഹം ആ അർത്ഥത്തിലെടുക്കുന്നെങ്കിൽ നല്ലത്. ഇല്ലെങ്കിൽ നമുക്കു പിരിയാം."

ബസാനിയോയുടെ എതിർപ്പിനെ മറികടന്ന് ജൂതൻ പറഞ്ഞതുപോലെയുള്ള രസകരമായ കാര്യമാണെന്നു കരുതി അന്റോണിയോ കരാർ പത്രത്തിൽ ഒപ്പുവച്ചു. തന്റെ ഉദാരമനസത്ഥിയെപ്പറ്റി ആ യഹൂദൻ പറഞ്ഞതു കേട്ട് പ്രതികരിക്കാതിരിക്കാൻ ബസാനിയോയ്ക്ക് കഴിഞ്ഞില്ല. തനിക്കുവേണ്ടി തന്റെ മാന്യസുഹൃത്ത് ഇത്തരമൊരു ഹീനമായ പിഴകൊടുക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമായില്ല.

ബസാനിയോ വിവാഹം കഴിക്കാൻ ആഗ്രഹിച്ച ധനിക യുവതി വെനീസിനടുത്തുള്ള ബെൽമോണ്ട് എന്ന സ്ഥലത്തായിരുന്നു പാർത്തിരുന്നത്. അവളുടെ പേര് പോർഷ്യ എന്നായിരുന്നു. നിരവധി പ്രശസ്തവ്യക്തികൾ അവളെ വിവാഹം ചെയ്യാനായി കപ്പൽമാർഗ്ഗം വന്നുകൊണ്ടിരിക്കുന്നു. അതിലൊരാളായി ബസാനിയോയും. സുഹൃത്തിന്റെ ജീവൻ പണയംവെച്ചു കിട്ടിയ പണവും

കൊണ്ടയാൾ ബെൽമോണ്ടിനു പുറപ്പെട്ടു. ഗ്രാഷിയാനോ എന്നൊരു വിനീതസേവകനും അദ്ദേഹത്തെ അനുഗമിച്ചു.

ബസാനിയോയെ കണ്ട് ഇഷ്ടപ്പെട്ട പോർഷ്യ അയാളെ വിവാഹം കഴിക്കാൻ സമ്മതിച്ചു.

തനിക്കു സ്വത്തൊന്നുമില്ലെന്ന് ബസാനിയോ പോർഷ്യയോട് തുറന്നുപറഞ്ഞു.ഉന്നത കുലജാതനാണെന്നുള്ള മഹിമ മാത്രമേ പൊങ്ങച്ചം പറയാനായി തനിക്ക് ഉള്ളുവെന്നും അയാൾ കൂട്ടിച്ചേർത്തു. സമ്പന്നനായ പോർഷ്യ ആകട്ടെ, ബസാനിയോയുടെ ഗുണഗണങ്ങൾ മാത്രം കണ്ടാണ് അയാളെ ഇഷ്ടപ്പെട്ടത്. അതുമാത്രം ഭർത്താവിന്റെ ധനമായി അവൾ പരിഗണിക്കുകയും ചെയ്തു. അതുകൊണ്ട് അദ്ദേഹത്തിന്റെ മേന്മയേറിയ ഗുണങ്ങളെ ധനത്തേക്കാൾ താൻ വിലമതിക്കുന്നുവെന്ന് സുന്ദരിയായ അവൾ വിനയാന്വിതയായി മറുപടി നൽകി. തുടർന്ന്, കുലീനയായ പോർഷ്യ കപടമായി തന്നെത്തന്നെ പഴിച്ചുകൊണ്ടു പറഞ്ഞു. “ഞാനൊരു അറിവില്ലാത്ത പെണ്ണാണ്. കേവലം അശിക്ഷിതയായ ഒരു പെൺകുട്ടി. പഠിപ്പില്ല. ലോകപരിചയവുമില്ല. പക്ഷേ, പഠിക്കാൻ കഴിയാത്ത വണ്ണം പ്രായം കൂടിപ്പോയിട്ടില്ല എന്നുള്ളതിൽ സന്തോഷമുണ്ട്. അങ്ങേയ്ക്ക് നിയന്ത്രിക്കുന്നതിനായി എന്റെ വിനീതമായ അന്തരാത്മാവിനെ ഞാൻ അങ്ങയുടെ മുന്നിൽ സമർപ്പിക്കുന്നു. ഞാനും എനിക്കുള്ള സകലതും ഇന്നു മുതൽ അങ്ങയുടേതായി തീർന്നിരിക്കുന്നു.”

ഇന്നലെവരെ ഈ മനോഹരമായ മണിമന്ദിരത്തിന്റെ ഉടമസ്ഥ ഞാനായിരുന്നു. ഈ പരിചാരകരുടെ സ്വാമിനി യും. എന്നാൽ ഇന്നുമുതൽ അതേ, ഇപ്പോൾ മുതൽ ഈ വീടും പരിചാരകരും ഞാനും എന്റെ പ്രഭോ, അങ്ങ യുടേതായിരിക്കുന്നു.” പോർഷ്യ പറഞ്ഞുനിർത്തി.

തുടർന്ന് അവൾ ബസാനിയോയ്ക്ക് ഒരു മോതിരം നൽകി.

“ഇതാ ഈ മോതിരം ഞാനതിന്റെ ഉറപ്പിനായി അങ്ങേയ്ക്ക് തരുന്നു.”

ബസാനിയോയുടെ ഉള്ള് സന്തോഷം കൊണ്ടു നിറഞ്ഞു. ധനികയും മാന്യയുമായ പോർഷ്യ തന്നോടു കാട്ടിയ സ്നേഹം നിറഞ്ഞ പെരുമാറ്റം കണ്ട് അത്ഭുതപ്പെട്ടു. തന്നെ അത്രത്തോളം മാനിച്ച പ്രിയപ്പെട്ട യുവതിയുടെ മുമ്പിൽ തന്റെ സന്തോഷവും ബഹുമാനവും വെളിപ്പെടുത്താതിരി - ക്കാൻ അയാൾക്കു കഴിഞ്ഞില്ല.

നന്ദിയും സ്നേഹവും തുളുമ്പുന്ന ഇടറിയ വാക്കുകളാൽ അയാൾ പറഞ്ഞു, “ഈ മോതിരം ഈ വിരലിൽ നിന്നു വേർപെടുമ്പോൾ ജീവൻ തന്നെ വേർപെടുകയാണു ചെയ്യുന്നത്. അന്ന് ബസാനിയോ മരിച്ചതായി ഉറപ്പിക്കാം .” നെറീസ്സയായിരുന്നു പോർഷ്യയുടെ പരിചാരിക. ബസാനിയോയുടെ അനുസരണമുള്ള ഭാര്യയാകാമെന്നു പോർഷ്യ വാക്കുകൊടുക്കുമ്പോൾ ഗ്രാഷിയാനോയും നെറീസ്സയും അവിടെ അവരെ പരിചരിച്ചു കൊണ്ടിരുന്നു. ഗ്രാഷിയാനോ ബസാനിയോവിനും പ്രഭ്വിക്കും സന്തോഷം ആശംസിച്ചു. തുടർന്നയാൾ അതേസമയത്തു തന്നെ വിവാ ഹിതനാകാൻ അനുവാദവും ചോദിച്ചു.

"നിനക്കൊരു ഭാര്യയെ കിട്ടുമെങ്കിൽ പൂർണമനസ്സോടെ ഞാൻ സമ്മതിച്ചിരിക്കുന്നു, ബസാനിയോ പറഞ്ഞു.

താൻ നെറീസ്സയെ സ്നേഹിക്കുന്നുവെന്നും തന്റെ യജമാ നത്തി ബസാനിയോയെ വിവാഹം കഴിക്കുകയാണങ്കിൽ അവൾ തന്റെ ഭാര്യയാകാമെന്നു സമ്മതിച്ചിട്ടുണ്ടെന്നും ഗ്രാഷിയാനോ പറഞ്ഞു. അതു നേരാണോയെന്ന് പോർഷ്യ നെറീസ്സയോടു തിരക്കി.

“സ്വാമിനി സമ്മതിക്കുകയാണെങ്കിൽ അത് അങ്ങനെതന്നെ, നെറീസ്സ നാണത്തോടെ മറുപടി നൽകി.

പോർഷ്യ സസന്തോഷം അവൾക്കു അനുമതി നൽകി. ബസാനിയോ സഹർഷം പറഞ്ഞു, "ഗ്രാഷിയാനോ, നിങ്ങളുടെ

വിവാഹം കൊണ്ട് ഞങ്ങളുടെ വിവാഹാഘോഷത്തെ കൂടുതൽ അന്തസ്സുള്ളതാക്കുക,

ആ സമയത്ത് ചിലർ കടന്നുവന്ന് അവരുടെ സന്തോ - ഷത്തെ തടസ്സപ്പെടുത്തി.അവർ ഒരു കത്ത് ബസാനിയോയ്ക്ക് കൊടുത്തു. അന്റോണിയോയുടെ ആ കത്തിൽ ഭീതിജനകമായ ഒരു വാർത്തയുണ്ടായിരുന്നു. കത്തുവായിച്ചപ്പോഴുണ്ടായ ബസാനിയോയുടെ ഭാവ മാറ്റം കണ്ട് പ്രിയസ്നേഹിതരിൽ ആരുടെയോ മരണവാർത്ത ആയിരിക്കാം അതിലെന്ന് പോർഷ്യ ഭയന്നു. ബസാനിയോയുടെ വിളറിയ മുഖം കണ്ട്, അദ്ദേഹത്തിന് അത്രമാത്രം വേദന ഉണ്ടാക്കിയ വാർത്ത എന്താണെന്ന് അവൾ തിരക്കി.

“ഓ, പ്രിയപ്പെട്ട പോർഷ്യ, ഇതിൽ കുറെ ദുഃഖകരമായ വാർത്തകളുണ്ട്. പ്രിയേ, എന്റെ സ്നേഹം ഞാൻ നിന്നെ ആദ്യമായി അറിയിച്ച സന്ദർഭത്തിൽത്തന്നെ തുറന്നു പറഞ്ഞിരുന്നല്ലോ എനിക്കു പണമില്ലെന്ന് ! പക്ഷേ ഞാനൊരു പ്രാണസുഹൃത്തിനു കടപ്പെട്ടിരിക്കുന്നു എന്നായിരുന്നു യഥാർത്ഥത്തിൽ പറയേണ്ടിയിരുന്നത്.”

അന്റോണിയോയിൽ നിന്ന് പണം കടംവാങ്ങിയ കഥ ബസാനിയോ പോർഷ്യയോടു പറഞ്ഞു. അന്റോണിയോയെ ഷൈലോക്ക് എന്ന ജൂതനു പണയപ്പെടുത്തുന്ന ഒരു ഉടമ്പടി പ്രകാരം പണം വാങ്ങുകയായിരുന്നു. പറഞ്ഞിരിക്കുന്ന ദിവസം പണം മടക്കിനൽകിയില്ലെങ്കിൽ ഷൈലോക്ക് അന്റോണിയോയുടെ ഒരു പൗണ്ട് മാംസം മുറിച്ചെടുക്കും.

ബസാനിയോ അന്റോണിയോയുടെ കത്ത് പോർഷ്യയെ വായിച്ചു കേൾപ്പിച്ചു:

“പ്രിയപ്പെട്ട ബസാനിയോ,

എന്റെ കപ്പലുകൾ എല്ലാം നഷ്ടപ്പെട്ടു. പണം മടക്കിക്കൊടുക്കുവാൻ എനിക്കു സാധിക്കാതെ വന്നിരിക്കുന്നു. എന്റെ പദവി നിലനിർത്താൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ഞാനെന്തിനു ജീവിച്ചിരിക്കണം. മരിക്കുന്നതിനു മുമ്പേ

എനിക്കു താങ്കളെ കാണണം. എന്നോടുള്ള സ്നേഹം താങ്കളെ ഇവിടേക്കു വരാൻ പ്രേരിപ്പിക്കുന്നില്ലെങ്കിൽ താങ്കൾ വരേണ്ടതില്ല" .

ഓ പ്രിയപ്പെട്ടവനേ," പോർഷ്യ പറഞ്ഞു, "

മറ്റെല്ലാ ഏർപ്പാടുകളും മാറ്റിവച്ച് ഉടനെ പോകുക. താങ്കളുടെ കുറ്റം കൊണ്ട് ആ കാരുണ്യവാനായ ചങ്ങാതിക്ക് ഒരു മുടിനാരുപോലും നഷ്ടപ്പെട്ടുകൂടാ. കൊടുക്കാനുള്ള പണത്തിന്റെ ഇരട്ടി കൊടുത്തു തീർക്കുക.

തന്റെ സ്വത്തിൽ ബസാനിയോവിന് നിയമപരമായി അവകാശം ലഭിക്കുന്നതിന്, അയാൾ പുറപ്പെടുന്നതിനു മുമ്പുതന്നെ എത്രയും വേഗം വിവാഹം നടത്തണമെന്ന് പോർഷ്യ ആവശ്യപ്പെട്ടു. ആ ദിവസം തന്നെ അവർ വിവാഹിതരായി.

ഗ്രാഷിയാനോയുടെയും നെറീസ്സയുടെയും വിവാഹവും അന്നുതന്നെ നടന്നു. വിവാഹം കഴിഞ്ഞ ഉടനെതന്നെ ബസാനിയോവും ഗ്രാഷിയാനോയും വെനീസിലേക്കു പുറപ്പെട്ടു. ബസാനിയോ അന്റോണിയോനെ ജയിലിൽ ചെന്നു കണ്ടു.

പണം മടക്കിനൽകേണ്ട ദിവസം കഴിഞ്ഞുപോയത് കൊണ്ട്, ക്രൂരനായ ഷൈലോക്ക് ബസാനിയോ കൊടുത്ത പണം സ്വീകരിച്ചില്ല. അന്റോണിയോയുടെ ഒരു പൗണ്ട് മാംസത്തിനു വേണ്ടിത്തന്നെ അയാൾ നിർബന്ധം പിടിച്ചു. വെനീസിലെ രാജാവിന്റെ മുമ്പിൽ ഈ കേസ് വിസ്താരം നടത്തുന്നതിന് ഒരു ദിവസം നിശ്ചയിച്ചു. ബസാനിയോയാകട്ടെ, ഭീതിജനകമായ അനിശ്ചിതത്വത്തിൽ വിചാരണ കാത്തിരിക്കുകയും ചെയ്തു.

പോർഷ്യ തന്റെ ഭർത്താവിനോട് ആഹ്ലാദപൂർവമാണ് യാത്ര പറഞ്ഞത്. തിരികെ വരുമ്പോൾ ചങ്ങാതിയെ കൂട്ടി കൊണ്ടു വരണമെന്നും നിർദ്ദേശിച്ചു. അന്റോണിയോയ്ക്ക് വലിയ ആപത്ത് ഉണ്ടാകാൻ പോകുന്നു എന്ന് അവൾ

ഭയപ്പെട്ടു. തന്റെ പ്രിയപ്പെട്ട ബസാനിയോയുടെ കൂട്ടുകാരനെ രക്ഷിക്കാൻ തനിക്ക് എന്തെങ്കിലും ഒരു പഴുതു വീണുകിട്ടിയെങ്കിൽ, അതിനു താൻ ഒരു നിമിത്തമായിരുന്നെങ്കിൽ എന്നവൾ ചിന്തിച്ചു. പക്ഷേ, ബസാനിയോവിന് ആദരവ് അർപ്പിച്ച സന്ദർഭത്തിൽ എല്ലാ കാര്യത്തിലും അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ വിവേകത്താൽ നിയന്ത്രിക്കപ്പെടാൻ തന്നെ സമർപ്പിക്കുന്നുവെന്ന് ഭാര്യയുടെ വിനയത്തോടെ അവൾ പറഞ്ഞിരുന്നു. അങ്ങനെയൊക്കെയാണെങ്കിലും തന്റെ ഭർത്താവിന്റെ സുഹൃത്തിനെ രക്ഷിക്കേണ്ടത് തന്റെയും കടമയാണെന്ന് അവൾക്കു തീർച്ചയുണ്ടായിരുന്നു. സ്വന്തം കഴിവിനെപ്പറ്റി അവൾക്ക് ഒരു സംശയവും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ധർമാധർമവിവേചനത്തിൽ യഥാർഥ മാർഗനിർദ്ദേശം ലഭിച്ച അവൾ അപ്പോൾത്തന്നെ വെനീസിലേക്കു പോകുവാനും അന്റോയോവിന്റെ മോചനത്തിനു വേണ്ടി സംസാരിക്കുവാനും തീർച്ചപ്പെടുത്തി.

നിയമവിഭാഗത്തിൽ ഉപദേഷ്ടാവായ ഒരു ബന്ധു പോർഷ്യക്ക് ഉണ്ടായിരുന്നു.ബെല്ലാരിയോ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.കേസിന്റെ സ്ഥിതിയെപ്പറ്റി വിവരിച്ച് നിയമോപദേശം തേടി അവൾ അദ്ദേഹത്തിനു കത്തയച്ചു. നിയമോപദേശത്തോടൊപ്പം നിയമോപദേഷ്ടാക്കൾ ധരിക്കാറുള്ള വേഷവിധാനങ്ങളും അദ്ദേഹം കൊടുത്തയച്ചു.

പോർഷ്യയും നെറീസ്സയും പുരുഷവേഷം ധരിച്ചു. അഭിഭാഷകന്റെ വേഷം ധരിച്ച പോർഷ്യ നെറീസ്സയെ തന്റെ ക്ലാർക്കായി കൂടെക്കൂട്ടി. അവർ ഉടൻ പുറപ്പെടുകയും വിചാരണ ദിവസംതന്നെ വെനീസിലെത്തുകയും ചെയ്തു. കോടതിമുറിയിൽ പൗരമുഖ്യന്മാരും രാജാവും വിചാരണ കേൾക്കാൻ തുടങ്ങുകയായിരുന്ന സമയത്ത് പോർഷ്യ കോടതിമുറിയിൽ പ്രവേശിച്ച് ബെല്ലാരിയോയുടെ കത്തു നൽകി. ആ കത്തിൽ, അന്റോണിയോയ്ക്കുവേണ്ടി വാദിക്കുവാൻ താൻ വരേണ്ടതായിരുന്നുവെന്ന് അദ്ദേഹം

രാജാവിന് എഴുതിയിരുന്നു. സുഖമില്ലാത്തതിനാൽ ബൽത്തസർ (അങ്ങനെയാണ് അയാൾ പോർഷ്യയെ വിളിച്ചത്) എന്ന യുവഅഭിഭാഷകനെ തനിക്കു പകരമായി കേസ് വാദിക്കാൻ അനുവദിക്കണമെന്ന് ബെല്ലാരിയോ അപേക്ഷിച്ചു. രാജാവ് അതു സമ്മതിച്ചു. അഭിഭാഷകന്റെ ചുറുചുറുക്കുള്ള പ്രകൃതത്തിൽ അദ്ദേഹം വിസ്മയിച്ചു. വിചാരണ തുടങ്ങി. ചുറ്റും നോക്കിയ പോർഷ്യ ഷൈലോക്കിനെയും ബസാനിയോയെയും കണ്ടു. അഭിഭാഷകന്റെ വേഷം ധരിച്ചിരുന്നതിനാൽ ബസാനിയോ അവളെ തിരിച്ചറിഞ്ഞില്ല. അയാൾ അന്റോണിയോയുടെ അരികിലായി വേദനയുടെ പ്രതീകം പോലെ നിന്നിരുന്നു. താൻ ഏറ്റെടുത്ത ദുഷ്കരമായ ചുമതലയുടെ പ്രാധാന്യം കരുണാർദ്രയായ ആ യുവതിക്ക് ധൈര്യം നൽകി. അവൾ ധീരതയോടെ ഏറ്റെടുത്ത ദൗത്യത്തിലേക്കു കടന്നു. ആദ്യമായി അവൾ ഷൈലോക്കിനെ അഭിസംബോധന ചെയ്തു. ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന അവസ്ഥയിൽ മാറ്റമുണ്ടായാൽ പിഴ വസൂലാക്കാൻ വെനീഷ്യൻ നിയമപ്രകാരം അയാൾക്ക് അർഹതയുണ്ട് എന്ന് അവൾ അയാളോടു പറഞ്ഞു. കരുണ എന്ന ശ്രേഷ്ഠഗുണത്തെപ്പറ്റി അവൾ വളരെ മധുരമായി പറഞ്ഞുതുടങ്ങി. അതു ഷൈലോക്കിന്റേതൊഴിച്ച് അവിടെ കൂടിയിരുന്നവരുടെയെല്ലാം ഹൃദയങ്ങളെ അലിയിച്ചു.

"കാരുണ്യം എന്ന ഗുണവിശേഷം നിർബന്ധംകൊണ്ട് ഉണ്ടാ കേണ്ടതല്ല. അത് ആകാശത്തു നിന്ന് പ്രശാന്തമായ മഴയെന്നതു പോലെ താണവരിലേക്ക് ചൊരിയേണ്ടതാണ്. കരുണ എങ്ങനെ രണ്ടു തരത്തിൽ അനുഗ്രഹമാകുന്നു? അതു കൊടുക്കുന്നവനേയും സ്വീകരിക്കുന്നവനേയും അനുഗ്രഹിക്കുന്നു. പരമശക്തന്മാരുടെ പരമമായ ശക്തിയാണത്. സിംഹാസനാരൂഢനായ രാജാവിന് അതു തന്റെ കിരീടത്തേക്കാൾ അനുയോജ്യമാണ്. പോർഷ്യ ഷൈലോക്കിനോടായി അഭ്യർത്ഥിച്ചു.

“നാമെല്ലാവരും കരുണയ്ക്കായി പ്രാർത്ഥിക്കുമ്പോൾത്തന്നെ കരുണ കാണിക്കാനും ബാധ്യസ്ഥരാണ്. ഈ വിഷയത്തിൽ അല്പം കരുണ കാണിക്കാൻ താങ്കൾ തയ്യാറാണോ..?”

ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന പിഴ ഈടാക്കണമെന്നു മാത്രമേ ഷൈലോക്കിനു പറയാനുണ്ടായിരുന്നുള്ളൂ.

“പണം മടക്കിനൽകാൻ അയാൾക്കു കഴിവില്ലേ?” പോർഷ്യ ചോദിച്ചു. ഷൈലോക്കിനു കൊടുക്കാനുള്ള പണത്തിനേക്കാൾ വളരെ കൂടുതൽ ഷൈലോക്കിനു നൽകാൻ ബനാനിയോ തയ്യാറായി. എന്നാൽ ഷൈലോക്ക് അതു നിരസിച്ചു. അന്റോണിയോയുടെ ഒരു പൗണ്ട് മാംസത്തിനു വേണ്ടി അയാൾ നിർബന്ധം പിടിച്ചു.

“അന്റോണിയോയുടെ ജീവൻ രക്ഷിക്കാനായി നിയമം അല്പമൊന്നു തിരുത്താൻ പരിശ്രമിക്കുമോ?" ബസാനിയോ ചോദിച്ചു.

പക്ഷേ, പോർഷ്യ ഗൗരവത്തോടെ ഉത്തരം നൽകി. “ഒരിക്കൽ സ്ഥിരപ്പെടുത്തിയ നിയമങ്ങൾ ഒരിക്കലും വ്യത്യാസപ്പെടുത്താൻ കഴിയില്ല.

ഷൈലോക്ക് പോർഷ്യയുടെ വാക്കുകൾ കേട്ടു. തനിക്ക് അനുകൂലമായാണ് അവൾ വാദിക്കുന്നതെന്ന് അയാൾക്കു തോന്നി. അയാൾ പറഞ്ഞു. “ഒടുവിൽ ഒരു ദാനിയേൽ വിധി പ്രസ്താവിക്കാനായി വന്നിരിക്കുന്നു! വിവേകശാലിയായ അഭിഭാഷകാ, ഞാനെങ്ങനെയാണ് നിങ്ങളെ ആദരിക്കേണ്ടത് ? പ്രായത്തിൽ കവിഞ്ഞ ബുദ്ധിമാൻ വിവേകശാലിയാണ് താങ്കൾ.

ഉടമ്പടി ഒന്നുകൂടെ പരിശോധിക്കാൻ അനുവദിക്കണമെന്ന് പോർഷ്യ ഷൈലോക്കിനോട് ആവശ്യപ്പെട്ടു. അതു വായിച്ചിട്ട് അവൾ പറഞ്ഞു.

“ഈ ഉടമ്പടി പ്രയോഗത്തിൽ വരുത്താം. അതനുസരിച്ച് ജൂതന് നിയമപരമായി ഒരു പൗണ്ട് മാംസം മുറിച്ചെടുക്കുകയും ചെയ്യാം.

ഷൈലോക്ക് സന്തോഷത്തോടെ പറഞ്ഞു: “അതെനിക്ക് അന്റോണിയോവിന്റെ ഹൃദയത്തിന്റെ അടുത്തുനിന്നുതന്നെ വേണം. ”അവൾ വീണ്ടും ഷൈലോക്കിനോടു പറഞ്ഞു: “ദയവു വിചാരിച്ച് പണം വാങ്ങൂ. ഞാനീ ഉടമ്പടി റദ്ദാക്കിയതായി പ്രഖ്യാപിക്കട്ടെ.”

ക്രൂരനായ ഷൈലോക്ക് ഒരു ദയവും കാണിച്ചില്ല. “സത്യമായിട്ടും ഞാൻ പറയുന്നു; ഒരു മനുഷ്യന്റെ നാവിനും എന്റെ തീരുമാനം മാറ്റാനുള്ള ശക്തിയില്ല.”

“അപ്പോൾ ശരി, അന്റോണിയോ,'' പോർഷ്യ പറഞ്ഞു. “മാംസം മുറിക്കാനായി നിങ്ങൾ തയ്യാറാവൂ.”

ഷൈലോക്ക് നീണ്ട കത്തി അത്യാവേശത്തോടെ മൂർച്ച കൂട്ടുന്നതിനിടയിൽ പോർഷ്യ അന്റോണിയോയോടു ചോദിച്ചു, “താങ്കൾക്കെന്തെങ്കിലും പറയാനുണ്ടോ ?”

അന്റോണിയാ പ്രശാന്തതയോടെ വിധിക്കു കീഴടങ്ങാൻ തയ്യാറായിക്കൊണ്ടു പറഞ്ഞു.

“എനിക്കു പറയാൻ അല്പമേയുള്ളൂ. എന്റെ മരണസമയം അടുത്തിരിക്കുന്നു. ഞാനെന്റെ മനസ്സിനെ അതിനു പാകപ്പെടുത്തിക്കഴിഞ്ഞു.

എന്നിട്ടയാൾ ബസാനിയോവിനോട് പറഞ്ഞു,

“ കൈ തരൂ, ബസാനിയോ. ഞാൻ യാത്ര പറയുന്നു. മംഗളം ഭവിക്കട്ടെ. താങ്കൾ കാരണമാണ് ഈ ഭാഗ്യക്കേട് എനിക്കു വന്നതെന്നോർത്തു സങ്കടപ്പെടരുത്.നിങ്ങളുടെ ബഹുമാന്യയായ ഭാര്യയോട് എന്റെ അഭിവാദനം പറയുക. ഞാൻ താങ്കളെ എത്രയധികം സ്നേഹിച്ചിരുന്നുവെന്നും!”

ഹൃദയഭേദകമായ വേദനയോടെ ബസാനിയോ മറുപടി നൽകി: .

“അന്റോണിയോ, ഞാൻ വിവാഹിതനാണ്. പക്ഷേ, താങ്കളുടെ ജീവനേക്കാളുപരി ഈ ലോകത്ത് മറ്റൊന്നും ഞാൻ വിലമതിക്കുന്നില്ല.

എനിക്കെല്ലാം നഷ്ടപ്പെടട്ടെ. നിങ്ങളെ വിടുവിക്കാൻ വേണ്ടി ഞാനെന്റെ സകലതും ഈ പിശാചിനു മുന്നിൽ സമർപ്പിക്കട്ടെ.”

പോർഷ്യ ഇതു കേട്ടു. തന്റെ ഭർത്താവ് അത്ര ശക്തമായ വാക്കുകളിൽ സ്നേഹം വെളിപ്പെടുത്തിയത് ഹൃദയാലുവായ ആ മഹതിയെ വ്രണപ്പെടുത്തിയില്ല. എന്നാൽ അവൾക്കതിനു മറുപടി പറയാതിരിക്കാൻ കഴിഞ്ഞില്ല.

“നിങ്ങൾ ചെയ്ത ഈ വാഗ്ദാനം കേൾക്കത്തക്കവിധം നിങ്ങളുടെ ഭാര്യ ഇവിടെ ഉണ്ടായിരുന്നെങ്കിൽ അവളൊരിക്കലും ഇതിനു നന്ദിയുള്ളവളായിരിക്കുകയില്ല.”

തന്റെ യജമാനൻ ചെയ്യുന്നതു അനുകരിക്കാൻ താത്പര്യമുള്ള ഗ്രാഷിയാനോ, ബസാനിയോ പറഞ്ഞതു പോലെ ഒരു പ്രസംഗം നടത്തി. “എനിക്കൊരു ഭാര്യയുണ്ട്. എനിക്കവളോടു സ്നേഹമുണ്ടെന്നു തന്നെ ഞാൻ പറയുന്നു. എങ്കിലും അവളിപ്പോൾ സ്വർഗ്ഗത്തിലായിരുന്നെങ്കിലെന്നു ഞാനാശിക്കുകയാണ്. എങ്കിലവൾ വല്ല ദേവന്മാരോടും ഈ ജൂതപ്പട്ടിയുടെ ക്രൂരമനസ്സുമാറ്റുവാൻ പറയുമായിരുന്നു.”

ക്ലാർക്കിന്റെ വേഷത്തിൽ പോർഷ്യയുടെ വശത്തു നിന്നിരുന്ന നെറീസ്സ ഇതു കേട്ടു.

“താങ്കൾ ഇങ്ങനെ ആഗ്രഹിച്ചത് ഭാര്യ കേൾക്കാത്തതു നന്നായി. അല്ലെങ്കിൽ നിങ്ങളുടെ ഈ ആശ, വീട്ടിലൊരു വലിയ ബഹളം സൃഷ്ടിച്ചേനെ!" അവൾ പറഞ്ഞു.

അക്ഷമനായ ഷൈലോക്ക് അലറി വിളിച്ചു,

“നിങ്ങൾ വെറുതെ സമയം കളയുകയാണ്. വിധി നടപ്പാക്കാൻ ഞാൻ അപേക്ഷിക്കുന്നു.”

പെട്ടെന്നു കോടതി മുഴുവൻ പ്രശാന്തഗംഭീരമായ നിശബ്ദത-യിലായി. അന്റോണിയോവിനു നേരിട്ട ദുരന്തത്തിലുള്ള സങ്കടം കൊണ്ട് എല്ലാ ഹൃദയവും നിറഞ്ഞു.

മാംസം തൂക്കാനുള്ള കട്ടിയും ത്രാസും തയ്യാറാണോ എന്ന് പോർഷ്യ ചോദിച്ചു. "രക്തം ഒഴുകി അയാൾ മരിക്കാതി-രിക്കാൻ ഒരു ഡോക്ടറെ കൂടെ നിങ്ങൾ കൂട്ടേണ്ടതുണ്ട്.

ഷൈലോക്ക് അന്റോണിയോവിന്റെ മരണമാണ് ആഗ്രഹിച്ചിരുന്നത്. "അങ്ങനെ ഉടമ്പടിയിൽ പറഞ്ഞിട്ടില്ല."

"എങ്കിലും ദയവു വിചാരിച്ച് താങ്കൾ അത്രത്തോളമെങ്കിലും ചെയ്താൽ നന്നായിരുന്നു," പോർഷ്യ പറഞ്ഞു. "എനിക്കു ദയവില്ല. അങ്ങനെയൊന്ന് കരാറിലുമില്ല." ഷൈലോക്കിന്റെ മറുപടി ഇതായിരുന്നു. "ഈ വ്യാപാരിയുടെ ഒരു പൗണ്ടു മാംസം നിങ്ങൾക്കവകാശപ്പെട്ടതാണ്. അതു കോടതി വിധിച്ചിരിക്കുന്നു. നിയമം അതു നിങ്ങൾക്കു നൽകുകയും ചെയ്യുന്നു. മാത്രമല്ല, അത് നിങ്ങൾക്ക് ഇയാളുടെ നെഞ്ചിൽ നിന്ന് ചൂഴ്ന്നെടുക്കാം. അതിനും നിയമം അനുവദിച്ചിരിക്കുന്നു

അതു കേൾക്കേണ്ട താമസം ഷൈലോക്ക് വീണ്ടും പറഞ്ഞു.

"ഓ, അതിബുദ്ധിമാനായ ന്യായാധിപൻ! ഒരു ദാനിയേൽ, വിധി പറയാനായി വന്നിരിക്കുന്നു."

വീണ്ടും കത്തിക്കു മൂർച്ച കൂട്ടാൻ തുടങ്ങിയ അയാൾ അന്റോണിയോയെ നോക്കി പറഞ്ഞു,

"വരൂ... തയ്യാറാകൂ..."

"ഒന്നുനിൽക്കൂ ഷൈലോക്ക്," പോർഷ്യ തടസ്സപ്പെടുത്തി. "കുറച്ചുകൂടി പറയാനുണ്ട്. ഉടമ്പടി പ്രകാരം നിങ്ങൾക്ക് ഒരു തുള്ളി രക്തം പോലും അവകാശപ്പെടാനാവില്ല. ഒരു പൗണ്ട് മാംസം എന്നു മാത്രമാണ് പറഞ്ഞിരിക്കുന്നത്. അതു ചൂഴ്ന്നെടുക്കുമ്പോൾ ഒരു തുള്ളി ക്രിസ്ത്യൻ രക്തം പോലും പൊടിയാൻ പാടില്ല. അതിനെതിരായി പെരുമാറിയാൽ

താങ്കളുടെ വസ്തുവകകൾ മുഴുവൻ കണ്ടുകെട്ടി വെനീസ് രാജ്യത്തിനു മുതൽക്കൂട്ടുന്നതാണ്.

അന്റോണിയോയുടെ രക്തം ചൊരിയാതെ മാംസം ചൂഴ്ന്നെടുക്കാൻ ഷൈലോക്കിന് അസാധ്യമായിരുന്നു.

പോർഷ്യയുടെ വിവേക പൂർണമായ ഈ കണ്ടെത്തൽ അന്റോണിയോയുടെ ജീവൻ രക്ഷിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ? കൂടിയവരെല്ലാം ന്യായാധിപന്റെ അത്ഭുതകരമായ ബുദ്ധികൂർമതയെ അഭിനന്ദിച്ചു. എല്ലാ ഭാഗത്തു നിന്നും ഉയർന്ന വലിയ കരഘോഷം കോടതിമുറിയിൽ പ്രതിധ്വനിച്ചു. ഗ്രാഷിയാനോ ഷൈലോക്ക് പറഞ്ഞ വാക്കുകൾതന്നെ വിളിച്ചുപറഞ്ഞു.

ഓ നീതിജ്ഞനായ ന്യായാധിപൻ കണ്ടില്ലേ യഹൂദാ, അതിബുദ്ധിമാനായ ന്യായാധിപൻ,

തന്റെ ക്രൂരമായ ഗൂഢാദ്ദേശ്യം പരാജയപ്പെട്ടുവെന്നുകണ്ട് ഷൈലോക്ക് പണം മടക്കിനൽകിയാൽ മതിയെന്ന് നിരാശത നിറഞ്ഞ നോട്ടത്തോടെ പറഞ്ഞു. അന്റോണിയോയുടെ അപ്രതീക്ഷിത വിടുതലിൽ മതിമറന്നാഹ്ലാദിച്ച ബസാനിയോ വിളിച്ചുപറഞ്ഞു.

ഇതാ പണം എടുത്തു കൊള്ളൂ ,പക്ഷേ, പോർഷ്യ അയാളെ തടഞ്ഞു.

പതുക്കെ മതി. ധൃതിയില്ല. ജൂതന് മറ്റൊന്നും കിട്ടുകയില്ല. അതുകൊണ്ട് സ്വന്തം ഉത്തരവാദിത്വത്തിൽ മാംസം ചൂഴ്ന്നെടുക്കാൻ തയ്യാറായിക്കോളു പക്ഷേ, ഒന്നോർത്തോണം രക്തം ചൊരിയരുത്. ഒരു പൗണ്ട് മാംസം മാത്രമേ മുറിച്ചെടുക്കാവൂ. കൂടുതലോ കുറവോ ആകരുത്. ഒരു തലമുടിനാരിഴയ്ക്ക് വ്യത്യാസം വന്നാൽ വെനീസിലെ നിയമം അനുസരിച്ച് നിങ്ങൾ മരിക്കേണ്ടതായി വരും. നിങ്ങളുടെ സ്വത്തെല്ലാം കോടതി കണ്ടുകെട്ടും.”

“എന്റെ പണം കിട്ടിയാൽ മതി. ഞാൻ പൊയ്ക്കോളാം." ഷൈലോക്ക് പറഞ്ഞു.

“ഞാനതു തയ്യാറാക്കി വച്ചിട്ടുണ്ട്,” ബസാനിയോയുടെ മറുപടി. “ഇതാ, ഞാനത് എണ്ണിവച്ചിട്ടുണ്ട്.”

ഷൈലോക്ക് പണം എടുക്കാൻ തുടങ്ങിയപ്പോൾ പോർഷ്യ അതു തടഞ്ഞു.

“ജൂതാ, അല്പം ക്ഷമിക്കൂ. നിയമത്തിനു നിങ്ങളുടെ മേൽ ഒരു നടപടികൂടിയുണ്ട്. ഒരു വെനീസ് പൗരനെ വിധിക്കുവാൻ ഗൂഢാലോചന നടത്തിയതിനാൽ വെനീസിലെ നിയമപ്രകാരം നിങ്ങളുടെ സ്വത്ത് കണ്ടുകെട്ടും. നിങ്ങളുടെ ജീവൻ രാജാവിന്റെ ദയയ്ക്കു വിധേയമാണ്. അതുകൊണ്ട് രാജാവിന്റെ മുൻപിൽ മുട്ടുകുത്തി കരുണയ്ക്കു വേണ്ടി യാചിക്കൂ." അപ്പോൾ രാജാവ് ഷൈലോക്കിനോടു കല്പിച്ചു:

“ഹേയ്, ഇതാ കണ്ടോളൂ. തന്റെയും ഞങ്ങളുടെയും സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം. താൻ അപേക്ഷിക്കുന്നതിനു മുമ്പുതന്നെ ഞാൻ വധശിക്ഷ ഇളവുചെയ്തു തന്നിരിക്കുന്നു. പക്ഷേ, തന്റെ സ്വത്തിന്റെ പകുതി അന്റോണിയോവിനുള്ളതാണ്. മറ്റേ പകുതി ഖജനാവിൽ ചേരേണ്ടതാണ്.”

മഹാമനസ്കനായ അന്റോണിയോ ഷൈലോക്കിന്റെ സ്വത്തിന്റെ ഒരു ഭാഗം ഉപേക്ഷിക്കാൻ തയ്യാറായി. പക്ഷേ, ഷൈലോക്ക് ഒരു ഉടമ്പടിയിൽ ഒപ്പു വയ്ക്കണം. അതായത് അയാൾ മരണശേഷം തന്റെ സ്വത്ത് മകൾക്കും അവളുടെ ഭർത്താവിനും കൊടുക്കണം. ജൂതന് ഒരു മകളേ ഉള്ളൂ.

അവൾ ലോറൻസോ എന്നു പേരുള്ള ക്രിസ്ത്യൻ യുവാവിനോടൊപ്പം ഒളിച്ചോടിപ്പോയി. ഇത് ഷൈലോക്കിനെ വളരെ വേദനിപ്പിച്ചതിനാൽ അയാൾ മകളുടെ പിൻതുടർച്ചാവകാശം ഇല്ലാതാക്കി. ലോറൻസോ അന്റോണിയോവിന്റെ ചങ്ങാതിയായതിനാൽ അന്റോണിയോയ്ക്ക് ഇത് അറിയാമായിരുന്നു. ഷൈലോക്ക് അതു സമ്മതിച്ചു. പ്രതികാരം ചെയ്യുവാൻ കഴിയാതെ

പോയതിലും സ്വത്തു നഷ്ടപ്പെട്ടതിലും ദുഃഖിതനായ അയാൾ പറഞ്ഞു:

"ദയവായി എന്നെ ഇവിടുന്നു പോകാൻ അനുവദിക്കണം. എനിക്കു തീരെ സുഖമില്ല.

പ്രമാണം കൊടുത്തയച്ചാൽ മതി, ഞാൻ ഒപ്പിട്ട് മകൾക്കു കൊടുത്തുകൊള്ളാം."

"ശരി പൊയ്ക്കോളൂ." രാജാവ് കല്പ്പിച്ചു. "ആ പ്രമാണത്തിൽ ഒപ്പിട്ടേക്കണം."

തുടർന്ന് രാജാവ് അന്റോണിയോയെ വിട്ടയച്ചു. ന്യായാധിപന്റെ ബുദ്ധിശക്തിയെ രാജാവ് പ്രകീർത്തിക്കുകയും അയാളെ അത്താഴത്തിനു ക്ഷണിക്കുകയും ചെയ്തു. ഭർത്താവ് എത്തുന്നതിനു മുന്നേ അവൾക്ക് ബെൽമോണ്ടിൽ തിരിച്ചെത്തേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് അവൾ പറഞ്ഞു, .

"അവിടുത്തെ കൃപയ്ക്ക് നന്ദി. പക്ഷേ, എനിക്കു പെട്ടെന്ന് പോകേണ്ടതുണ്ട്."

യുവഅഭിഭാഷകന് തന്റെ ആതിഥ്യം സ്വീകരിക്കുന്നതിനും അത്താഴം കഴിക്കുന്നതിനും സാവകാശം ഇല്ലാത്തതിൽ തനിക്കുള്ള ഖേദം രാജാവ് പ്രകടിപ്പിച്ചു. തുടർന്ന് അന്റോണിയോയുടെ നേരെ തിരിഞ്ഞുപറഞ്ഞു,

"ഈ യുവാവിനു പാരിതോഷികം നൽകേണ്ടതു നിങ്ങളാണ്. നിങ്ങൾക്കാണ് അയാളോടു കൂടുതൽ കടപ്പാടെന്നു ഞാൻ കരുതുന്നു." രാജാവും പൗരമുഖ്യരും കോടതിയിൽ നിന്നു പോയി. പിന്നീട് ബസാനിയോ യുവഅഭിഭാഷകനോടു പറഞ്ഞു, - "ഏറ്റവും പ്രശസ്തനായ മാന്യ യുവാവേ, താങ്കളുടെ ബുദ്ധി എന്നെയും എന്റെ കൂട്ടുകാരനെയും രക്ഷിച്ചു. ആ ജൂതനു കൊടുക്കാനുള്ള മൂവായിരം ഡക്കെറ്റ് താങ്കൾ സ്വീകരിക്കണം. അന്റോണിയോ കടപ്പാടു പ്രകടി പ്പിച്ചു. ഇതിനെല്ലാമുപരിയായി ഞങ്ങൾ എക്കാലവും

അങ്ങയെ സ്നേഹിക്കുവാനും സേവിക്കുവാനും കടപ്പെട്ടവരുമാണ്."

യുവഅഭിഭാഷകൻ, ആ പണം നന്ദിപൂർവം നിരസിച്ചു. പാരിതോഷികം സ്വീകരിക്കണമെന്ന് ബസാനിയോ വീണ്ടും വീണ്ടും നിർബന്ധിച്ചു. അപ്പോൾ അയാൾ പറഞ്ഞു,

"എങ്കിൽ താങ്കളുടെ കൈയുറ എനിക്കു തന്നേക്കൂ. ഓർമയ്ക്കായി ഞാനിതു ധരിച്ചു കൊള്ളാം.

സ്നേഹത്തിന്റെ പേരിൽ ഈ മോതിരം എനിക്കു തരൂ," അവൾ പറഞ്ഞു. ഇനി ബസാനിയോയെ കാണുമ്പോൾ ഒരു നേരമ്പോക്കിനു വേണ്ടി അതു ബസാനിയോയ്ക്ക് തിരികെ നൽകാം എന്ന് അവൾ ആഗ്രഹിച്ചു.

ബസാനിയോ അതു കേട്ടു വല്ലാതെ വ്യസനിച്ചു. ഭാര്യയുടെ സമ്മാനമായ ആ മോതിരം ഒരിക്കലും നഷ്ടപ്പെടുത്തു-

കയില്ലെന്ന് അയാൾ ശപഥം ചെയ്തിരുന്നതിനാൽ അതു നൽകാനാവില്ലെന്ന് ബസാനിയോ അറിയിച്ചു. വെനീസിലുള്ളതിൽ വച്ച് ഏറ്റവും വിലകൂടിയ മോതിരം പരസ്യത്തിലൂടെ കണ്ടുപിടിച്ച് അഭിഭാഷകനു നൽകാമെന്ന് അയാൾ പറഞ്ഞു.

പോർഷ്യ വികാരപരവശയായി. പക്ഷേ, അത് പ്രകടിപ്പിക്കാൻ ഇഷ്ടപ്പെടാതെ അവൾ ഇപ്രകാരം പറഞ്ഞുകൊണ്ട് കോടതിമുറിവിട്ട് ഇറങ്ങിപ്പോയി. "യാചിക്കുന്നതെങ്ങനെയെന്നും ഒരു യാചകനോടു പെരുമാറുന്നതെങ്ങനെയെന്നും താങ്കളെന്നെ പഠിപ്പിച്ചു, സർ."

"പ്രിയപ്പെട്ട ബസാനിയോ," അന്റോണിയോ പറഞ്ഞു. "ആ മോതിരം അദ്ദേഹത്തിനു കൊടുത്തേക്കൂ. താങ്കളുടെ ഭാര്യയുടെ അസന്തുഷ്ടിയുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ സ്നേഹബന്ധവും അദ്ദേഹം നമുക്കുവേണ്ടി ചെയ്ത സേവനങ്ങളും വിലയേറിയതായിരിക്കട്ടെ.

അന്റോണിയോയ്ക്കു മുന്നിൽ നന്ദികെട്ടവനാകാൻ ബസാനിയോയ്ക്ക് ലജ്ജ തോന്നി.അതിനാൽ വിഷമത്തോടെ അയാൾ വഴങ്ങി, ഗ്രാഷിയാനോയെ മോതിരവുമായി അഭിഭാഷകന്റെ പിന്നാലെ അയച്ചു. ക്ലാർക്കായ നെറീസ്സ, താൻ ഗ്രാഷിയാനോയ്ക്കു കൊടുത്ത മോതിരം അയാളോടു യാചിക്കുകയും ഗ്രാഷിയാനോ അതവൾക്കു കൊടുക്കുകയും ചെയ്തു. വീട്ടിലെത്തിയ യുവതികൾ ഭർത്താക്കന്മാരെ കബളിപ്പിച്ച കാര്യം പറഞ്ഞു ചിരിച്ചു. തങ്ങൾ കൊടുത്ത മോതിരം അവർ മറ്റേതോ യുവതികൾക്കു കൊടുത്തുവെന്ന് പറഞ്ഞ് ഭർത്താക്കന്മാരുടെ മേൽ കുറ്റം ചുമത്താമെന്നും അവർ പറഞ്ഞു.

പോർഷ്യയും നെറീസ്സയും വീട്ടിനുള്ളിൽ പ്രവേശിച്ചു. അവർ പ്രച്ഛന്നവേഷം മാറി സ്വന്തം വസ്ത്രം ധരിച്ചു.

പോർഷ്യ വളരെ ആഹ്ലാദവതിയായിരുന്നു. താനൊരു നല്ലകാര്യം ചെയ്തുവെന്ന സംതൃപ്തിയിലായിരുന്നു അവൾ. അവൾ കണ്ട എല്ലാ കാര്യത്തിലും അവളുടെ ഉള്ളം സന്തോഷിച്ചു. ചന്ദ്രന് ഇത്ര തിളക്കമുണ്ടെന്ന് ഇതിനു മുമ്പ് അവൾക്കു തോന്നിയിട്ടില്ല. മനംകുളിർപ്പിച്ച ചന്ദ്രനെ ഒരു കാർമേഘം മറച്ചപ്പോൾ, തന്റെ വീട്ടിൽ നിന്നു കടന്നുവന്ന വെളിച്ചം അവളുടെ മുഗ്ധഭാവനയെ സന്തോഷിപ്പിച്ചു.

തുടർന്നവൾ നെറീസ്സയോടു പറഞ്ഞു: "ഈ സ്വീകരണമുറിയിലെ വിളക്ക് നോക്കൂ. എത്ര ദൂരം വരെ ആ ചെറുദീപം അതിന്റെ പ്രകാശം വിതറുന്നോ, അതുപോലെയാണ് ഈ ദുഷിച്ച ലോകത്തിൽ ഒരു നല്ല പ്രവൃത്തി പ്രശോഭിക്കുന്നത്.'

തന്റെ ഭവനത്തിൽ നിന്നു സംഗീതം കേട്ടപ്പോൾ അവൾ പറഞ്ഞു.

"ആ നാദതരംഗങ്ങൾക്ക് മുമ്പു കേട്ടതിനേക്കാളും മാധുര്യമുണ്ട്.

അങ്ങനെ പലതും പറഞ്ഞ് അവർ ഭർത്താക്കന്മാരുടെ ആഗമനം പ്രതീക്ഷിച്ചിരുന്നു. അല്പം കഴിഞ്ഞപ്പോഴേയ്ക്കും

ബസാനിയോയും ഗ്രാഷിയാനോയും അന്റോണിയോയുടെ ഒപ്പം അവിടേക്കു കടന്നുവന്നു. ബസാനിയോ സുഹൃത്തിനെ പോർഷ്യയ്ക്കു പരിചയപ്പെടുത്തി. അല്പം കഴിഞ്ഞപ്പോൾ അഭിനന്ദനങ്ങളും സ്വാഗതശബ്ദങ്ങളും അടങ്ങി. ആ സമയത്ത് നെറീസ്സയും ഭർത്താവും മുറിയുടെ ഒരു കോണിൽ നിന്ന് കലഹിക്കുന്നത് അവർ കണ്ടു.

അതിനിടയിൽ ഒരു വഴക്കോ പോർഷ്യ ചോദിച്ചു. എന്താ കാര്യം

നെറീസ്സ എനിക്കു തന്ന വിലയില്ലാത്ത

മോതിരത്തെപ്പറ്റിയാണ് പ്രഭ്വീ, ഗ്രാഷിയാനോ പറഞ്ഞു.

“ഞാനതു നല്കുമ്പോൾ മരണം വരെ ഇതു സൂക്ഷിക്കും എന്നു നിങ്ങൾ ശപഥം ചെയ്തതാണ്. ഇപ്പോൾ നിങ്ങള് പറയുന്നു, അത് അഭിഭാഷകൻറെ ക്ലാർക്കിനു കൊടുത്തെന്ന്. എനിക്കറിയാം നിങ്ങൾ അതൊരു സ്ത്രീക്കാണ് കൊടുത്തതെന്ന്,” നെറീസ്സ പറഞ്ഞു.

“ഈ കൈകൊണ്ട്, ഞാനത് നിന്നേക്കാൾ ഒട്ടും പൊക്കമില്ലാത്ത കുള്ളനായ ഒരു യുവാവിനാണു കൊടുത്തത്, ഒരു പയ്യന്. അയാൾ അൻറോണിയോയുടെ ജീവൻ രക്ഷിച്ച അഭിഭാഷകൻറെ ക്ലാർക്കായിരുന്നു. ആ പയ്യനതു ഫീസായി ചോദിച്ചു. എനിക്കതു നിരസിക്കാൻ കഴിഞ്ഞില്ല.” ഗ്രാഷിയാനോ പറഞ്ഞു. “ഭാര്യയുടെ ആദ്യ സമ്മാനം കൈവിട്ടു കളഞ്ഞ നീ പഴി കേല്ക്കേണ്ടവൻ തന്നെ.” പോ ർഷ്യ പറഞ്ഞു.

“ഞാൻ എൻറെ പ്രഭു ബസാനിയോയ്ക്ക് ഒരു മോതിരം കൊടുത്തിട്ടുണ്ട്. എനിക്കറിയാം, ലോകത്ത് എന്തു നഷ്ടപ്പെടുമെന്നു വന്നാലും അത് അദ്ദേഹം കൈവിടുകയില്ല.” ഗ്രാഷിയാനോ തൻറെ കുറ്റം ന്യായീകരിക്കാനായി അപ്പോൾ അറിയിച്ചു.

“എൻറെ പ്രഭു ബസാനിയോ അദ്ദേഹത്തിൻറെ മോതിരം ആ യുവന്യായാധിപനു കൊടുത്തു. അതു കഴിഞ്ഞാണ് അദ്ദേഹത്തിൻറെ സഹായിയായ പയ്യൻ എൻറെ മോതിരം ചോദിച്ചത്.”

ഇതു കേട്ട പോർഷ്യ വളരെ കോപാകുലയായി കാണപ്പെട്ടു. തൻറെ മോതിരം കൈവിട്ടു കളഞ്ഞതിന് അവൾ ബസാനിയോയെ പഴിച്ചു. തൻറെ പ്രിയപ്പെട്ടവളുടെ വികാരങ്ങളെ വ്രണപ്പെടുത്തിയതുകൊണ്ട് ബസാനിയോയ്ക്ക് വളരെ സങ്കടമായി. ആത്മാർത്ഥതയോടെ അയാൾ പറഞ്ഞു. “സത്യമായിട്ടും അത് ഒരു സ്ത്രീയുടെ കൈയിലും ഇല്ല. ഒരു സ്ത്രീക്കും കൊടുത്തിട്ടുമില്ല. അതൊരു സംസ്കാരമുള്ള അഭിഭാഷകനായിരുന്നു.

മൂവായിരം ഡക്കെറ്റ് കൊടുത്തിട്ടും വാങ്ങാതെ മോതിരത്തിനു യാചിച്ചു. ഞാനതു കൊടുക്കാൻ മടി കാണിച്ചപ്പോൾ അയാൾ നീരസപ്പെട്ട് ദൂരെമാറിപ്പോയി. ഞാനെന്തു ചെയ്യാനാണ്, പ്രിയപ്പെട്ട പോർഷ്യാ ? എൻറെ നന്ദി കേടോർത്ത് ഞാൻ ലജ്ജ കൊണ്ടു കുഴങ്ങിപ്പോയി. അതുകൊണ്ട് മോതിരം അയാൾക്ക് കൊടുത്തയയ്ക്കാൻ ഞാൻ നിർബന്ധിതനായി. എനിക്കു മാപ്പ് തരൂ.

പ്രിയപ്പെട്ട സ്വാമിനീ, നീ അവിടെ ഉണ്ടായിരുന്നെങ്കിൽ മഹാനായ അഭിഭാഷകനു മോതിരം കൊടുക്കാൻ നീയും എന്നോടു യാചിച്ചേനെ!“

“ഹാ!” അൻറോണിയോ സങ്കടപ്പെട്ടു.”ഈ വഴക്കിനു കാരണം ഞാനാണല്ലോ?”

അതിനെച്ചൊല്ലി സങ്കടപ്പെടേണ്ടെന്ന് പോർഷ്യാ അൻറോണിയോയോട് പറഞ്ഞു.

“ഒരിക്കൽ ഞാൻ എൻറെ ശരീരം ബസാനിയോയ്ക്ക് വേണ്ടി കടം നൽകി.ആ എനിക്കുവേണ്ടിയാണ് നിങ്ങളുടെ ഭർത്താവ്

മോതിരം കൊടുത്തത്. ഞാൻ മരിക്കാൻ നെഞ്ചൂക്കു കാട്ടേണ്ടതായിരുന്നു എന്ന് ഇപ്പോഴെനിക്കു തോന്നുന്നു. പ്രഭ്വീ, നിങ്ങളുടെ പ്രഭു ഇനി ഒരിക്കലും നിങ്ങളുടെ വിശ്വാസം തകർക്കില്ല." "എന്നാൽ താങ്കൾ അദ്ദേഹത്തിൻറെ ഉത്തരവാദിത്വം ഏറ്റെടുക്കണം." പോർഷ്യാ അതു പറഞ്ഞുകൊണ്ട് ഒരു മോതിരം അദ്ദേഹത്തിനു കൊടുത്തു. "ഇത് താങ്കൾ ബസാനിയോയ്ക്ക് കൊടുക്കൂ. എന്നിട്ട് ഇതു നന്നായി സൂക്ഷിക്കാൻ ആജ്ഞാപിക്കുക." അൻറോണിയോ നൽകിയ മോതിരം ബസാനിയോ സൂക്ഷിച്ചുനോക്കി. താൻ ന്യായാധിപനു കൊടുത്ത അതേ മോതിരം തന്നെയാണതെന്നു കണ്ട് അത്ഭുതപ്പെട്ടു.പിന്നെ താമസിച്ചില്ല. പോർഷ്യ, താനെങ്ങനെ യുവഅഭിഭാഷകനായി എന്നും നെറീസ്സ ക്ലാർക്കായി എന്നും അവരെ പറഞ്ഞു കേൾപ്പിച്ചു. വാക്കുകൾ കൊണ്ടു പ്രകടിപ്പിക്കാൻ കഴിയാത്ത അത്ഭുതത്തോടെയും സന്തോഷത്തോടെയും ബസാനിയോ അതു കേട്ട്കൊണ്ടു നിന്നു. തൻറെ ഭാര്യയുടെ മഹത്തായ ധൈര്യവും വിവേകവും കൊണ്ടാണ് അൻറോണിയോയുടെ ജീവൻ രക്ഷപ്പെട്ടത് എന്നയാൾക്കു മനസ്സിലായി.

പോർഷ്യ വീണ്ടും അൻറോണിയോയെ സ്വാഗതം ചെയ്തു. എന്നിട്ട് അവൾ തൻറെ കൈയിൽ ആകസ്മികമായി വന്നുപെട്ട കത്തുകൾ അദ്ദേഹത്തിനു നൽകി.

നഷ്ടപ്പെട്ടു എന്നു കരുതിയ കപ്പലുകൾ സുരക്ഷിതമായി തുറമുഖത്തെത്തിയ വിവരമായിരുന്നു അതിൽ. അപ്രതീക്ഷിതമായുണ്ടായ ഭാഗ്യലബ്ധിയിൽ, കഴിഞ്ഞ ദുരന്ത കഥ മുഴുവൻ മറക്കപ്പെട്ടു. ഭർത്താക്കൻമാർക്ക് തങ്ങളുടെ ഭാര്യമാരെ തിരിച്ചറിയാൻ കഴിയാത്തതും

മോതിരത്തെപ്പറ്റിയുള്ള നേരമ്പോക്കും ചിരിക്കാനുള്ള വകയും നൽകി.

ഗ്രാഷിയാനോ ഉല്ലാസത്തോടെ ഉചിതമായ പ്രാസപദങ്ങള് ചേർത്ത് ഒരു പ്രതിജ്ഞയും ചെയ്തു."ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം, നെറീസ്സയുടെ മോതിരം സൂക്ഷിക്കുന്നതിനെക്കുറിച്ചല്ലാതെ മറ്റൊന്നിനെയും പേടിക്കില്ല".